നെ ഇടപെടുന്നതു് ഇന്ത്യ പൊറുക്കുകയില്ലെന്നും, ഈ പ്രദേശത്തു് ഏതെങ്കിലുമൊരു രാഷ്ട്രത്തിനു സ്വന്തം സുരക്ഷിതത്വത്തിനായി മറ്റൊരു രാഷ്ട്രത്തിന്റെ സഹായം ആവശ്യമെന്നുവന്നാൽ ഈ പ്രദേശത്തുനിന്നു്, മുഖ്യമായും ഇന്ത്യയിൽ നിന്നു്, അത്തരം സഹായം തേടണമെന്നു് 1980—കളിൽ ഇന്ത്യ പ്രഖ്യാപിച്ചു. മറ്റു രാഷ്ട്രങ്ങൾ ഈ പ്രദേശത്തു് ഇടപെടുന്നതു് ഇന്ത്യയുടെ സുരക്ഷയെ ബാധിക്കുമെന്ന ധാരണയോടൊപ്പം, പ്രാദേശികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് ഇന്ത്യക്കു കഴിവുണ്ടെന്ന ആത്മവിശ്വാസത്തെയും ഈ നയം വ്യക്തമാക്കുന്നുണ്ടു്.

ഇന്ത്യയുടെയും ഇന്ത്യൻ ഭൂഖണ്ഡത്തിലെ മറ്റു രാഷ്ട്രങ്ങളുടെയും ആഭ്യന്തര സുരക്ഷിതത്വം സംബന്ധിച്ചു് ഇന്ത്യയുടെ നയം എന്തായിരിക്കണം? സൈനികാവശ്യങ്ങൾക്കായി ഇന്ത്യാ ഗവണ്മെന്റ് ആവശ്യത്തിലേറെ പണം ചെലവഴിക്കുന്നുണ്ടോ? ആയുധങ്ങൾ നിർമിച്ചു മറ്റു രാഷ്ട്രങ്ങൾക്കു വിൽക്കാനുള്ള ഇന്ത്യയുടെ തീരുമാനം തെറ്റോ ശരിയോ? ആയുധങ്ങളെ നവീകരിക്കുന്നതിനും ആയുധനിർമാണത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഇന്ത്യ നടത്തുന്ന ശ്രമങ്ങൾ ശരിയായ വഴിക്കുള്ളവതന്നെയോ? അണ്വായുധങ്ങളും ദീർഘദൂര മിസൈലുകളും വികസിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ വെമ്പൽ ന്യായീകരിക്കാവുന്നതാണോ? സ്വതന്ത്ര-ഇന്ത്യയുടെ സൈന്യശക്തി വിപുലീകരണപരിപാടികൾ നമ്മുടെ രാഷ്ട്രീയപാരമ്പര്യവുമായി പൊരുത്തപ്പെടുന്നവയാണോ?

ഇത്തരം പ്രശ്നങ്ങളെപ്പറ്റി, ഉദ്ബുദ്ധവും ആദർശാനപ്രാണിതവും അതേ സമയം യാഥാർത്ഥ്യാധിഷ്ഠിതവുമായ തുറന്ന ചർച്ച ഇന്ത്യൻ പാർലമെന്റിലും പുറത്തും തുടർന്നു നടക്കേണ്ടതാവശ്യമാണു്. ഈ രംഗത്തു പിഴച്ച ഒരു കാൽവെപ്പിനു ദൂരവ്യാപകങ്ങളായ ദുഷ്ഫലങ്ങളുണ്ടാവും. രാഷ്ട്രത്തിന്റെ ദീർഘകാലതാല്പര്യങ്ങളെ അതു ബാധിക്കുകയുംചെയ്യും. തങ്ങൾക്കു് എത്രമാത്രം സൈന്യശക്തി വേണമെന്നും ആ ശക്തി എങ്ങനെ ഉപയോഗപ്പെടുത്തണമെന്നും ജനാധിപത്യവ്യവസ്ഥിതിയിൽ, തീരുമാനിക്കേണ്ടതു ജനങ്ങളാണു്. ഈ വക കാര്യങ്ങളെപ്പറ്റി ശരിയായ കാഴ്ചപ്പാടു ജനങ്ങൾ വളർത്തിയെടുക്കുകതന്നെ വേണം. എങ്കിൽ മാത്രമേ നമ്മുടെ ജനാധിപത്യം സുരക്ഷിതമായിരിക്കുകയുള്ളു.

## 16. ബോഫോഴ്സ് അപവാദം

1984 നവംബറിൽ ശ്രീ രാജീവ്ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിപദം ഏറ്റെടുത്തു് അധികം താമസിയാതെ ഇന്ത്യൻ കരസേനയിലേക്കു് ആയിരത്തി എഴുനൂറു കോടി രൂപ വില വരുന്ന പീരങ്കികൾ സ്വീഡനിലെ ബോഫോഴ്സ് കമ്പനിയിൽനിന്നു വാങ്ങാനുള്ള ആലോചന ഇന്ത്യാഗവണ്മെന്റ് ആരംഭിച്ചു. ബോഫോഴ്സ് കമ്പനിക്കു പുറമെ, 'സോഫ്മ' എന്ന ഒരു ഫ്രഞ്ച് കമ്പനിയും ആവശ്യമുള്ള പീരങ്കികൾ ഇന്ത്യക്കു വിൽക്കാൻ തയ്യാറായിരുന്നു. രണ്ടു കമ്പനികളുടെയും പീരങ്കികളുടെ പ്രവർത്തനം നേരിട്ടു പരിശോധിച്ചശേഷം സൈന്യകേന്ദ്രകാര്യാലയത്തിൽനിന്നു് 1985 സെപ്തംബർ 14-ാം തീയതി രാജ്യരക്ഷാ മന്ത്രാലയത്തിലേക്കു് അയച്ച ഒരു റിപ്പോർട്ടിൽ ബോഫോഴ്സ് പീരങ്കികളെക്കാൾ മേന്മ സോഫ്മ പീരങ്കികൾക്കാണെന്നു് അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചിരുന്നു. തുടർന്നു് ബോഫോഴ്സ്, സോഫ്മ എന്ന രണ്ടു കമ്പനികളുമായും പീരങ്കിയിടപാടുസംബന്ധിച്ച വാണിജ്യപരവും സാങ്കേതികവുമായ പ്രശ്നങ്ങളും ഈ കമ്പനികളുടെ സഹകരണത്തോടെ പീരങ്കികളും വെടിക്കോപ്പുകളും ഇന്ത്യയിൽ നിർമിക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങളും ചർച്ചചെയ്യുന്നതിനായി മൂന്നു വർക്കിങ് ഗ്രൂപ്പുകളെ രാജ്യരക്ഷാ മന്ത്രാലയം നിയമിച്ചു.

സാങ്കേതികമായി നോക്കുമ്പോൾ ബോഫോഴ്സ് പീരങ്കികളും സോഫ്മ പീരങ്കികളും സ്വീകാര്യങ്ങളാണെന്നും പീരങ്കികളുടെയും വെടിക്കോപ്പുകളുടെയും വില, കടം കിട്ടാനുള്ള സൗകര്യം മുതലായ വസ്തുതകൾ പരിഗണിച്ചു വേണം ഏതു കമ്പനിയുടെ പീരങ്കികൾ വാങ്ങണമെന്ന് തീരുമാനിക്കാനെന്നും നിർദേശിക്കുന്ന ഒരു കുറിപ്പ് പ്രധാനമന്ത്രി രാജീവ്ഗാന്ധിക്ക് അദ്ദേഹത്തിന്റെ മന്ത്രാലയം 1986 ജനുവരി 20–ാം തീയതി നൽകി.

1986 ഫെബ്രുവരി 17–ാം തീയതി സൈന്യകേന്ദ്രകാര്യാലയത്തിൽനിന്നു രാജ്യരക്ഷാമന്ത്രാലയത്തിലേക്ക് അയച്ച ഒരു കുറിപ്പിൽ, സോഫ്മയുടെയും ബോഫോഴ്സിന്റെയും പീരങ്കികളുടെ ഇരുപതു സവിശേഷതകൾ പരിശോധിച്ചശേഷം മെച്ചം ബോഫോഴ്സ് പീരങ്കികൾക്കാണെന്നു പ്രഖ്യാപിച്ചിരുന്നു. അകലെയുള്ള തീ കണ്ടുപിടിക്കുന്നതിനുള്ള റഡാർ ഉപകരണം പാകിസ്ഥാന് വിൽക്കുവാനോ സൗജന്യമായി നൽകാനോ അമേരിക്ക തീരുമാനിച്ചതിനെത്തുടർന്ന് വെടിവെച്ച ഉടനെ ആ സ്ഥലത്തുനിന്ന് ഓടിപ്പോകാൻ കഴിവുള്ള (ഷൂട്ട് ആൻഡ് സ്കൂട്ട്) പീരങ്കികൾ ഇന്ത്യയ്ക്ക് ആവശ്യമായിത്തീർന്നിരിക്കുന്നു എന്നും ഈ പരിഗണനയിൽ ഫ്രഞ്ച് പീരങ്കികളെക്കാൾ മെച്ചം സ്വീഡിഷ് പീരങ്കികൾക്കാണെന്നു കാണപ്പെട്ടു എന്നുമാണ് ഇതു സംബന്ധിച്ചു നൽകപ്പെട്ടിരുന്ന വിശദീകരണം. പക്ഷേ, മുൻപറഞ്ഞ തീരുമാനം അമേരിക്ക കൈക്കൊണ്ടതു 1983–ലാണെന്നും ബോഫോഴ്സ് പീരങ്കികളെക്കാൾ മെച്ചം സോഫ്മ പീരങ്കികൾക്കാണെന്നു പറയുമ്പോൾ 1985–ൽ ഈ കാര്യം സൈന്യകേന്ദ്രകാര്യാലയത്തിന് അറിയാമായിരുന്നുവെന്നുമുള്ള വസ്തുത ഓർത്തിരിക്കേണ്ടതാണ്.

ഇതിനു ശേഷമാണ് ബോഫോഴ്സ് പീരങ്കികൾ വാങ്ങാൻ അവസാനമായി ഇന്ത്യാ ഗവണ്മെന്റ് തീരുമാനമെടുത്തത്. ആയിരത്തെഴുനൂറു കോടി രൂപയാണ് ഈയിനത്തിൽ ചെലവു വരിക എന്നു മുമ്പു പറഞ്ഞുകേട്ടിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ഇന്ത്യൻ ഖജനാവിനു രണ്ടായിരം കോടി രൂപയോളം ബാധ്യതയുണ്ടാവും എന്നാണ് ഇപ്പോൾ അറിയുന്നത്. ഇടത്തട്ടുകാരെ ഒഴിവാക്കി സ്വീഡിഷ് പ്രധാനമന്ത്രിയുടെ സഹായത്തോടെ ഇന്ത്യാഗവണ്മെന്റും ബോഫോഴ്സ് കമ്പനിയും തമ്മിൽ നേരിട്ട് ആലോചിച്ച് 1986 മാർച്ച് 24-ാം തീയതി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ഏജന്റുമാർക്കു ബോഫോഴ്സ് കമ്പനി കമ്മീഷൻ നൽകുന്നതല്ലെന്നും കമ്മീഷൻ തുക പീരങ്കികളുടെ വിലയിൽ കുറവുചെയ്തിട്ടുണ്ടെന്നും ഇന്ത്യയിൽ പ്രഖ്യാപിച്ചിരുന്നു.

അതിനാൽ, ഈ ഇടപാടിലെ ഇടത്തട്ടുകാർക്ക് കമ്മീഷൻ ആയി അറുപത്തിനാലു കോടി രൂപയോളം വരുന്ന വിദേശനാണ്യം ബോഫോഴ്സ് കമ്പനി സ്വിറ്റ്സർലൻഡിലെ ചില ബാങ്കുകളിലുള്ള രഹസ്യ–അക്കൗണ്ടുകളിൽ നിയമവിരുദ്ധമായി നിക്ഷേപിച്ചിട്ടുണ്ടെന്ന് 1987 ഏപ്രിൽ 16–ാം തീയതി സ്വീഡിഷ് നാഷണൽ റേഡിയോ പ്രക്ഷേപണംചെയ്ത വാർത്ത ഇന്ത്യയിൽ വലിയ കോളിളക്കം ഉണ്ടാക്കിയതു സ്വാഭാവികമായിരുന്നു. കരാറിലെ രണ്ടു കക്ഷികളായ ബോഫോഴ്സ് കമ്പനിയും ഇന്ത്യാഗവണ്മെന്റും സ്വീഡിഷ് റേഡിയോവിന്റെ ഈ ആരോപണം ഉടൻ നിഷേധിച്ചു. എന്നാൽ, കമ്മീഷനോ കൈക്കൂലിയോ നൽകപ്പെട്ടിട്ടുണ്ട് എന്ന വിവരം സ്വീഡിഷ് നാഷണൽ ആഡിററ് ബ്യൂറോ സ്ഥിരീകരിച്ചപ്പോൾ രണ്ടു കക്ഷികൾക്കും അടവു മാററിചവിട്ടേണ്ടിവന്നു. ഇന്ത്യാഗവണ്മെന്റുമായി കരാറിലേർപ്പെടുംമുമ്പു തങ്ങൾ നിയമിച്ചിരുന്ന ചില ഏജന്റുമാർക്ക് അവരുടെ ജോലി അവസാനിപ്പിക്കുന്നതിനുള്ള പ്രതിഫലം(വൈൻഡിങ് അപ് ചാർജ്)ആയി നൽകപ്പെട്ടതാണ് ഈ തുക എന്ന് ബോഫോഴ്സ് കമ്പനി വിശദീകരിച്ചു. ഈ ഇടപാടിൽ ഇന്ത്യക്കാർക്കു കമ്മീഷൻ നൽകരുതെന്നേ തങ്ങൾ നിർദേശിച്ചിട്ടുള്ളു എന്നും, ബോഫോഴ്സ് കമ്പനിയിൽനിന്ന് ഈ ഇനത്തിൽ ഇന്ത്യക്കാർ ആരും കമ്മീഷൻ വാങ്ങിയിട്ടില്ലെന്നും ഇന്ത്യാ ഗവണ്മെന്റും പ്രസ്താവിച്ചു.

ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു എന്നീ പത്രങ്ങൾ പ്രസിദ്ധീകരിച്ച ഒരുപാടു രേഖകളിൽനിന്ന് ഇടത്തട്ടുകാർക്ക് ബോഫോഴ്സ് കമ്പനി നൽകിയതു് കമ്മീഷൻതന്നെയായിരുന്നു എന്നു പിന്നീടു് തെളിഞ്ഞിട്ടുണ്ടു്. ഈ തുക ഏതെല്ലാം ബാങ്കുകളിൽ ഏതെല്ലാം പേരിലുള്ള കള്ളക്കണക്കുകളിൽ എപ്പോഴെല്ലാം നിക്ഷേപിക്കപ്പെട്ടു എന്ന വസ്തുതയും ഏറെക്കുറെ മനസ്സിലായിട്ടുണ്ടു്. പക്ഷേ, ഈ കണക്കുകളുടെ ഉടമകൾ ആരെല്ലാമാണെന്നു നിർണയിക്കുന്നതിൽ ഇന്നോളം ഇന്ത്യാഗവണ്മെൻറ് പരാജയപ്പെട്ടിരിക്കുകയാണു്. ബോഫോഴ്സ് കമ്പനിയുടെ ഡില്ലി ഏജൻറ് ആയിരുന്ന വിൻചഡ്ഢ, മുമ്പ് എം. പി.യായിരുന്ന അമിതാഭ്ബച്ചന്റെ അനുജൻ അജിതാഭ്ബച്ചൻ, ഹിന്ദുജാ എന്ന, ഇന്ത്യയ്ക്കു പുറത്തു പാർക്കുന്ന ഇന്ത്യൻ വ്യവസായികുടുംബം എന്നിവർ ഈ കമ്മീഷൻ വാങ്ങിയവരിൽ ഉൾപ്പെടുമെന്ന് ആരോപണം ഉണ്ടായിട്ടുണ്ടു്. ഇവരിൽ വിൻഛഡ്ഢയ്ക്കെതിരെ ചില നടപടികൾ ഇന്ത്യാ ഗവണ്മെൻറ് കൈക്കൊള്ളാതെയുമിരുന്നില്ല. ഈ കോഴയുമായി തനിക്കോ തന്റെ കുടുംബത്തിനോ യാതൊരു ബന്ധവുമില്ലെന്ന് പ്രധാനമന്ത്രി രാജീവ്ഗാന്ധി പ്രസ്താവിച്ച വിവരം ഓർമയിൽ വെക്കേണ്ടതാണ്. ബോഫോഴ്സ് കമ്പനിയുമായി പീരങ്കി വാങ്ങാനുള്ള കരാറിൽ ഒപ്പിടുമ്പോൾ രാജ്യരക്ഷാമന്ത്രിയുടെ ചുമതല വഹിച്ചിരുന്നതു് പ്രധാനമന്ത്രി രാജീവ്ഗാന്ധിതന്നെയായിരുന്നു എന്നതാണ് ഓർമിക്കേണ്ട മറെറാരു വസ്തുത.

ബോഫോഴ്സ് കോഴ ഇന്ത്യയിൽ പാർലമെൻറിനകത്തും പുറത്തും വലിയ കോളിളക്കമുണ്ടാക്കിയപ്പോൾ ഈ കാര്യം അന്വേഷിക്കാൻ ഒരു സംയുക്ത കമ്മിററിയെ (ജെ.പി.സി.) പാർലമെൻറ് 1987 ഏപ്രിൽ മാസത്തിൽ നിയമിച്ചു. ബി. ശങ്കരാനന്ദ് അധ്യക്ഷനായുള്ള ഈ കമ്മിററിയിൽ (കേന്ദ്രമന്ത്രിസ്ഥാനം രാജിവെച്ചു കമ്മിററിയുടെ അധ്യക്ഷസ്ഥാനം സ്വീകരിക്കുകയാണ് അദ്ദേഹം ചെയ്തതു്) അംഗങ്ങളാകാൻ പ്രധാന പ്രതിപക്ഷകക്ഷികൾ വിസമ്മതിക്കുകയാണുണ്ടായതു്. പ്രധാനമന്ത്രിക്കുകൂടി പങ്കുള്ളതായി ആരോപിക്കപ്പെടുന്ന വമ്പിച്ച ഒരു കോഴയെപ്പററി അന്വേഷിക്കുന്ന കമ്മിററിയുടെ അധ്യക്ഷസ്ഥാനം ഏതെങ്കിലും പ്രതിപക്ഷകക്ഷിയിലെ അംഗത്തിനായിരിക്കണമെന്ന അവരുടെ ആവശ്യം നിരസിക്കപ്പെട്ടു. മുപ്പതു് അംഗങ്ങളുള്ള കമ്മിററിയിൽ ഇരുപത്തൊന്ന് അംഗങ്ങളും ഭരണകക്ഷിയായ കോൺഗ്രസ്സിൽ പെട്ടവരായിരുന്നു. നിസ്സഹകരണംമൂലം കോഴക്കാര്യം ആഴത്തിൽ ഔദ്യോഗികമായി അന്വേഷിക്കുവാനുള്ള സൗകര്യം നഷ്ടപ്പെടുത്തുകയാണ് പ്രതിപക്ഷകക്ഷികൾ ചെയ്തതു്. ജെ. പി. സി. 404 പേജുള്ള ഒരു റിപ്പോർട്ട് 1988 ഏപ്രിൽ 26–ാം തീയതി പാർലമെൻറിനു സമർപ്പിച്ചു. ഇന്ത്യയിൽ രജിസ്റ്റർ ചെയ്യാത്ത മൂന്നു കമ്പനികൾക്ക്, അവരുമായി മുമ്പു ചെയ്തിരുന്ന കരാറുകൾ അവസാനിപ്പിക്കുന്നതിനുള്ള പ്രതിഫലമായി അറുപത്തിനാലു കോടി രൂപ ബോഫോഴ്സ് കമ്പനി കൊടുത്തിട്ടുണ്ടെന്ന് ഈ റിപ്പോർട്ടിൽ പറയുന്നു. എങ്കിലും ബോഫോഴ്സ് കമ്പനി നല്കിയ ഈ കോഴ ഇന്ത്യയിലെ ഒരു നിയമത്തെയും ലംഘിച്ചിട്ടില്ലെന്നും ഇന്ത്യാഗവണ്മെൻറും ബോഫോഴ്സ് കമ്പനിയും തമ്മിൽ നടന്ന ഇടപാടിൽ ദല്ലാളിമാർ ഉണ്ടായിരുന്നു എന്നതിനു തെളിവില്ലെന്നും റിപ്പോർട്ട് തുടരുന്നു. ബോഫോഴ്സ് പീരങ്കികളുടെ മേന്മ സാങ്കേതികമായി തെളിയിക്കപ്പെട്ടതാണെന്നും ഏററവും നല്ല പീരങ്കികൾ ഏററവും ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിന് ബോഫോഴ്സ് കമ്പനിയുമായുള്ള ഇടപാടു പ്രയോജനപ്പെട്ടിട്ടുണ്ടെന്നും വാദിക്കുന്നതിനാണ് സംയുക്തകമ്മിററിയുടെ റിപ്പോർട്ടിൽ കൂടുതൽ പേജുകൾ നീക്കിവെച്ചിട്ടുള്ളതു്.

ഈ കമ്മിററിയിൽ എ. ഐ. എ. ഡി. എം. കെ.യിലെ ശ്രീ ആലടി അരുണ ഒരംഗമായിരുന്നു. കമ്മിററിയുടെ ഭൂരിപക്ഷ റിപ്പോർട്ടിന് ഒരു വിയോജനക്കുറിപ്പ് ശ്രീ അരുണ എഴുതിച്ചേർത്തിട്ടുണ്ടു്. ബോഫോഴ്സ് കമ്പനിയിൽ നിന്ന് കോഴ വാങ്ങിയതു് ഇന്ത്യക്കാരോ അവരുടെ സഹായികളോ ആകാനേ തരമുള്ളു എന്നും അവരുടെ പേരുകൾ മറച്ചുവയ്ക്കുന്നതിൽ ബോഫോഴ്സ്

കമ്പനിയുമായി ഇന്ത്യാഗവണ്മെൻറ് സഹകരിക്കുകയാണെന്നും ഈ വസ്തുതങ്ങളുടെ റിപ്പോർട്ടിൽ ജെ. പി. സി. മൂടിവെച്ചിരിക്കുന്ന എന്നും തൻെറ വിയോജനക്കുറിപ്പിൽ ശ്രീ ആലടി അരുണ പറയുന്നു.

സംയുക്ത പാർലമെൻററി കമ്മിററിയുടെ റിപ്പോർട്ട് ഈ വിഷയത്തിൽ അവസാനവാക്കല്ലെന്ന് അന്നുതന്നെ എല്ലാവർക്കും അറിയാമായിരുന്നു.

ഇന്ത്യൻ ഭരണഘടനയിലെ അഞ്ചാം അധ്യായത്തിലെ 148, 149, 150,151 എന്നീ വകുപ്പുകൾ അനുസരിച്ച് രാഷ്ട്രപതി നേരിട്ട നിയമിക്കുന്ന 'കംപ്ട്രോളർ ആഡിററർ ജനറൽ' (സി. എ. ജി.) എന്ന ഉദ്യോഗസ്ഥൻ അതാതു കാലത്തു കേന്ദ്രഗവണ്മെൻറിൻെറ കണക്കുകൾ പരിശോധിച്ചു റിപ്പോർട്ടുകൾ തയ്യാറാക്കി രാഷ്ട്രപതിക്കു സമർപ്പിക്കേണ്ടതുണ്ട്. രാഷ്ട്രപതി ഈ റിപ്പോർട്ടുകൾ ലോക്സഭയ്ക്കും രാജ്യസഭയ്ക്കും നല്കുന്നു. സാധാരണയായി പാർലമെൻറിൻെറ പബ്ളിക് അക്കൗണ്ട്സ് കമ്മിററിയാണ് (പി. എ. സി.) ഈ റിപ്പോർട്ടുകൾ ചർച്ചചെയ്യുക. പാർലമെൻറ് ഈ റിപ്പോർട്ടുകൾ നേരിട്ട ചർച്ചചെയ്യുകയോ അംഗീകരിക്കുകയോ നിരാകരിക്കുകയോചെയ്യണമെന്നില്ല. സർക്കാരിന് ഈ റിപ്പോർട്ടുകളിലെ ആരോപണങ്ങൾക്കു സമാധാനം പറയുകയോ പറയാതിരിക്കുകയോചെയ്യാം. എന്നാൽ, സി. എ. ജി.യുടെ റിപ്പോർട്ടുകൾ പൊതുജനങ്ങൾക്കിടയിൽ സർക്കാരിനെപ്പററി നല്ലതോ ചീത്തയോ ആയ ധാരണ വളർത്താൻ സഹായിക്കുമെന്നതിൽ സംശയമില്ല സി. എ.ജി. ഒരു സർക്കാർ ഉദ്യോഗസ്ഥനല്ല; അദ്ദേഹത്തിൻെറമേൽ കേന്ദ്രഗവണ്മെൻറിന് ഒരു നിയന്ത്രണവുമില്ല.

ശ്രീ ത്രിലോക്നാഥ് ചതുർവേദി എന്ന മുൻ ഐ. എ. എസ്. ഉദ്യോഗസ്ഥനാണ് ഇപ്പോഴത്തെ സി. എ. ജി. (സി. എ. ജി. ആകുംമുമ്പ് ഇദ്ദേഹം ഇന്ത്യാഗവൺമെൻറിൻെറ ഹോം സെക്രട്ടറി ആയിരുന്നു). ബോഫോഴ്സ് കോഴയെപ്പററി അന്വേഷിക്കാൻ പാർലമെൻറ് നിയമിച്ച സംയുക്തക്കമ്മിററി (ജെ.പി.സി.)യിൽ അംഗമായിരിക്കണമെന്ന് ഇദ്ദേഹത്തോട് 1987 ആഗസ്റ്റ് 4–ാം തീയതി രാജ്യരക്ഷാവകുപ്പിലെ സെക്രട്ടറി ആവശ്യപ്പെട്ടുവത്രേ. ഭരണഘടനപ്രകാരം സി. എ. ജി.യിൽ നിക്ഷിപ്തങ്ങളായ ചുമതലകൾക്കു പുറത്തുള്ളതാണ് ഈ കാര്യമെന്നതിനാൽ ജെ.പി. സി.യിൽ താൻ അംഗമാകുന്നില്ലെന്ന് ചതുർവേദി അന്നു മറുപടി നൽകി.

രാജ്യരക്ഷാവിഭാഗത്തിൻെറ (സൈന്യത്തിൻെറയും വെടിക്കോപ്പുനിർമാണശാലകളുടെയും) ചെലവുകൾ സംബന്ധിച്ച സി. എ. ജി.യുടെ റിപ്പോർട്ട് 1989 ഏപ്രിൽ 26–ാം തീയതി രാഷ്ട്രപതിക്കു സമർപ്പിക്കപ്പെട്ടു. വേണമെങ്കിൽ 1989 മെയ് മാസത്തിൽ, ബജററ് സമ്മേളനത്തിൻെറ അവസാനത്തിൽ ഇതു പാർലമെൻറിൽ വയ്ക്കാമായിരുന്നു. എന്നാൽ, 1989 ജൂലൈ 18–ാം തീയതി മാത്രമാണ് ഈ റിപ്പോർട്ട് ലോക്സഭയുടേയും രാജ്യസഭയുടേയും മുമ്പിൽ കൊണ്ടുവരപ്പെട്ടതു്.

ഈ റിപ്പോർട്ടിൻെറ രണ്ടാമത്തെ അധ്യായത്തിൽ പതിനെട്ട പേജുകൾ ബോഫോഴ്സ് കമ്പനിയിൽനിന്ന പീരങ്കികൾ വാങ്ങുന്നതിനെയും ആ കമ്പനിയുമായി സഹകരിച്ച് ഇന്ത്യയിൽ പീരങ്കികളും വെടിക്കോപ്പുകളും നിർമിക്കുന്നതിനെയും സംബന്ധിച്ചാണ്. ഈ വിഷയത്തെപ്പററി 1984 മുതൽക്കുള്ള സർക്കാർ രേഖകൾ പരിഗണിച്ചാണ് സി. എ. ജി. തൻേറതായ നിഗമനങ്ങളിൽ എത്തിയിട്ടുള്ളതു്.

ബോഫോഴ്സ് കമ്പനിയുമായി ഇന്ത്യാഗവണ്മെൻറ് ഉണ്ടാക്കിയ കരാറിൽ താഴെ പറയുന്ന വീഴ്ചകളുണ്ടെന്ന് സി. എ. ജി. തൻെറ റിപ്പോർട്ടിൽ പറയുന്നു.

1. ബോഫോഴ്സ് പീരങ്കികളുടെ മേന്മ വേണ്ടവിധത്തിൽ പരിശോധിക്കപ്പെട്ടിട്ടില്ല. ഗുണമേന്മ നിർണയിക്കാൻ ആധാരമായ തത്ത്വങ്ങൾതന്നെ നിർവചിക്കപ്പെട്ടിരുന്നില്ല. ഈ പീരങ്കികൾ പ്രതികൂല പരിതഃസ്ഥിതികളിൽ പരീക്ഷണവിധേയമാക്കണമെന്ന രാജ്യരക്ഷാ ഗവേഷണ—വികസന—സ്ഥാപന

ത്തിൻെറ (ഡി. ആർ. ഡി. ഒ.) നിർദേശം അവഗണിക്കപ്പെടുകയാണുണ്ടായത്.

2. ബോഫോഴ്സ് (സ്വീഡിഷ്) പീരങ്കികളെക്കാൾ ദൂരെ ഉണ്ട വീഴ്ത്താനുള്ള കഴിവ് സോഫ്മ (ഫ്രഞ്ച്) പീരങ്കികൾക്കാണ്. സോഫ്മയാണ് നല്ല പീരങ്കിയെന്ന് ആറു തവണ സൈന്യ കേന്ദ്രകാര്യാലയം രേഖപ്പെടുത്തിയിട്ടുമുണ്ട്. ബോഫോഴ്സ് കമ്പനിയുമായി കരാർ ഒപ്പിടുന്നതിന് ഒരു മാസം മുമ്പ് 1986 ഫെബ്രുവരിയിൽ സൈന്യകേന്ദ്ര കാര്യാലയം പെട്ടെന്ന് ഈ അഭിപ്രായം മാററുകയാണുചെയ്തത്.

3. കേടുവരാൻ കൂടുതൽ സാദ്ധ്യത ബോഫോഴ്സ് പീരങ്കികൾക്കാണ്.

4. മുന്നൂററിരുപത്തൊമ്പതുകോടി രൂപ വില വരുന്ന വെടിക്കോപ്പ് ബോഫോഴ്സ്കമ്പനിയിൽനിന്ന് ഇന്ത്യാഗവണ്മെൻറ് വാങ്ങിയത് ചുരുങ്ങിയ ഗുണനിലവാരമെങ്കിലും നിഷ്കർഷിക്കാതെയാണ്.

5. രാജ്യരക്ഷാ ഇടപാടുകളിൽ ഇടത്തട്ടുകാരെ ഒഴിവാക്കണമെന്ന് 1985 മെയ്മാസത്തിൽ രാജ്യരക്ഷാമന്ത്രാലയം നിശ്ചയിച്ചിരുന്നു. എന്നിട്ടും ഏജൻറുമാരെ നിയമിക്കുകയില്ലെന്ന് ഒരു ഉറപ്പ് ബോഫോഴ്സ് കമ്പനിയിൽനിന്ന് ഇന്ത്യാഗവണ്മെൻറ് എഴുതി വാങ്ങിയില്ല.

6. കരാറുപ്രകാരം നൽകാമെന്നേററിരുന്ന ഉപകരണങ്ങൾ ബോഫോഴ്സ് കമ്പനി സമയത്തിനു നൽകിയിട്ടില്ല. പത്തു റെജിമെൻറുകൾക്കു വേണ്ടത്ര പീരങ്കികളും മററ് ഉപകരണങ്ങളും വെടിക്കോപ്പുകളും നൽകാമെന്നാണ് ബോഫോഴ്സ് കമ്പനി കരാർചെയ്തിട്ടുള്ളത്. പക്ഷേ, ഒരൊററ റെജിമെൻറിനുവേണ്ടത്ര പീരങ്കികൾമാത്രമേ 1988 ഒക്ടോബറിൽ ഇന്ത്യൻ സൈന്യത്തിന് ബോഫോഴ്സ് കമ്പനിയിൽനിന്നും കിട്ടിയിട്ടുള്ളു.

7. വെടിക്കോപ്പുകൾ നൽകുന്നതിന് ബോഫോഴ്സുമായി ഉണ്ടാക്കിയ കരാർ ഇന്ത്യയ്ക്കു ദോഷകരമാണ്. ഇതിനെക്കാൾ മെച്ചമായ വ്യവസ്ഥകൾ മുമ്പ് ബോഫോഴ്സ് കമ്പനിതന്നെ മുന്നോട്ടു വെച്ചിരുന്നു.

8. ബോഫോഴ്സ് കമ്പനി വെടിക്കോപ്പാണെന്നു പറഞ്ഞു നൽകിയ രണ്ടു ടിന്നുകൾ ഇന്ത്യയിൽവെച്ചു തുറന്നു നോക്കിയപ്പോൾ അവയിൽ ഒന്നുമില്ലെന്നു കാണുകയുണ്ടായി. പല അത്യാവശ്യസാധനങ്ങളുടെ പ്രദാനത്തിലും ഇത്തരം വീഴ്ചകൾ ഉണ്ടായിരിക്കാൻ സാദ്ധ്യതയുണ്ട്.

9. ബോഫോഴ്സ് കമ്പനിയുമായി സഹകരിച്ച് പീരങ്കികളും വെടിക്കോപ്പുകളും ഇന്ത്യയിൽ നിർമിക്കാൻ കരാർ ഉണ്ടാക്കുംമുമ്പ് അതിൻെറ സാമ്പത്തികബാദ്ധ്യതകൾ വേണ്ടവിധത്തിൽ പരിശോധിക്കുകയുണ്ടായില്ല. ഇവ നിർമിക്കാൻ വലിയ കാലതാമസവും അധികച്ചെലവും ഉണ്ടാവുകയാണ് ഇതിൻെറ ഫലം.

സി. എ. ജി.യുടെ റിപ്പോർട്ടിലെ ഈ നിഗമനങ്ങളെപ്പററി ആലോചിച്ചു തീരുമാനത്തിലെത്തേണ്ടത് ഇന്ത്യയിലെ ജനങ്ങളാണ്. റിപ്പോർട്ടിനെക്കുറിച്ചു വിശദമായ ചർച്ച പാർലമെൻറിൽ നടന്നിരുന്നെങ്കിൽ, അതിലന്തർഭവിച്ച പ്രശ്നങ്ങളെപ്പററി വ്യക്തമായി മനസ്സിലാക്കാൻ ജനങ്ങൾക്കു കഴിയുമായിരുന്നു. തങ്ങൾക്കുള്ള 'മൃഗീയ' ഭൂരിപക്ഷം ഉപയോഗിച്ച് സി. എ. ജി. റിപ്പോർട്ടിനെ പിച്ചിച്ചീന്താമെന്നു കരുതിയാവണം പി. എ. സി.യിലല്ലാതെ, പതിവില്ലാത്തപടി പാർലമെൻറിൽത്തന്നെ ഈ റിപ്പോർട്ട് ചർച്ചചെയ്യാമെന്ന് ഭരണകക്ഷി സമ്മതിച്ചത്. പക്ഷേ, ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനുള്ള ഈ സുവർണാവസരം പ്രതിപക്ഷകക്ഷികൾ ഉപയോഗപ്പെടുത്തുകയുണ്ടായില്ല. സി. എ. ജി. റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ രാജീവ്ഗാന്ധി പ്രധാനമന്ത്രിപദം ഉപേക്ഷിക്കണമെന്ന് ആർത്തുവിളിച്ചുകൊണ്ട് ഏതാനും ദിവസം പാർലമെൻറിൻെറ നടപടികൾ സ്തംഭിപ്പിക്കുകയും തുടർന്ന് കൂട്ടത്തോടെ രാജിവെക്കുകയുമാണ് അവർ ചെയ്തത്. പാർലമെൻറിൻെറ സംയുക്തകമ്മററിയിൽ അംഗത്വം നിരസിച്ചപ്പോഴും സി. എ. ജി. റിപ്പോർട്ട് പാർലമെൻറിൽ ചർച്ചചെയ്യാൻ കൂട്ടാക്കാ

തിരുന്നപ്പോഴും ജനങ്ങളോടുള്ള കർത്തവ്യം നിറവേററുന്നതിൽ പ്രതിപക്ഷകക്ഷികൾ പരാജയപ്പെടുകയാണുണ്ടായത്. തന്റെ റിപ്പോർട്ടിൽ സി. ഏ. ജി. വ്യക്തിപരമായി രാജീവ്ഗാന്ധിയുടെമേൽ ഒരു അഴിമതിയും ആരോപിക്കുന്നില്ല. അതിനാൽ, ഈ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി രാജീവ്ഗാന്ധി പ്രധാനമന്ത്രിപദം ഉപേക്ഷിക്കണമെന്ന് വാദിക്കുന്നതിൽ ഒരർത്ഥവുമില്ല.

അതേ സമയം രാജ്യരക്ഷപോലെ ഗൗരവപ്പെട്ട കാര്യങ്ങളിൽപ്പോലും പരമമായ അശ്രദ്ധയോ ലാഘവബുദ്ധിയോ ആണ് കേന്ദ്രഗവണ്മെൻറ് പ്രദർശിപ്പിച്ചുവരുന്നത് എന്ന് സി. ഏ. ജി. റിപ്പോർട്ട് അസന്ദിഗ്ദ്ധമായി തെളിയിക്കുന്നുണ്ട്. ബോഫോഴ്സ് കോഴ സംബന്ധിച്ച വിവരങ്ങൾ പുറത്തു കൊണ്ടുവന്ന് കുററക്കാരെ ശിക്ഷിക്കുന്നതിലല്ല, അവരെ പൂർണമായും സംരക്ഷിക്കുന്നതിലാണ് ഇന്ത്യാഗവണ്മെൻറിനും ഭരണകക്ഷിക്കും താല്പര്യം എന്ന വസ്തുതയും സി. ഏ. ജി. റിപ്പോർട്ട് സംബന്ധിച്ച വിവാദത്തിലൂടെ ഒരിക്കൽക്കൂടി വ്യക്തമായിരിക്കുന്നു.

കംപ്ട്രോളർ—ആഡിററർ ജനറൽ എന്ന സ്ഥാപനത്തിന് ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം പരമമായ പ്രാധാന്യമുണ്ട്. ഈ സ്ഥാപനത്തിന്റെ വില ഇടിക്കാൻ ഉതകുന്ന ഒന്നും ജനാധിപത്യത്തിൽ താല്പര്യമുള്ളവർ ചെയ്തുകൂടാ. ഇപ്പോൾ ആ പദവിയിലിരിക്കുന്ന ശ്രീ ചതുർവേദിയെ വ്യക്തിപരമായി അധിക്ഷേപിക്കുകവഴി ഭരണകക്ഷിയിലെ പല പ്രമുഖാംഗങ്ങളും ജനാധിപത്യത്തിന്റെ ഒരു ആധാരസ്തംഭത്തെ ദുർബലമാക്കുകയാണു ചെയ്യുന്നത്. ശ്രീ ചതുർവേദി ആർ. എസ്. എസ്സുകാരനാണെന്നും വി. പി. സിംഹിന്റെ സഹോദരൻ ബി. എസ്. പി. സിംഹുമായി അദ്ദേഹത്തിന് ബന്ധമുണ്ടെന്നും തന്റെ അധികാരപരിധിക്കപ്പുറത്തുള്ള കാര്യങ്ങളെപ്പററി അദ്ദേഹം റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ടെന്നും റിപ്പോർട്ട് അപ്പാടെ രാഷ്ട്രീയപ്രേരിതമാണെന്നും മററുമാണ് അദ്ദേഹത്തിനെതിരായി ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾ. ഈ ആക്ഷേപങ്ങൾക്കെല്ലാം ശ്രീ ചതുർവേദി മറുപടി പറഞ്ഞിട്ടുണ്ട്. അപവാദവ്യവസായം അതിർത്തി ലംഘിച്ചാൽ ശ്രീ ചതുർവേദി തന്റെ ജോലി രാജിവെക്കാൻ സാദ്ധ്യതയുണ്ടെന്നും പറയപ്പെടുന്നു. സാധാരണഗതിയിൽ അദ്ദേഹത്തെ ജോലിയിൽനിന്നു നീക്കാൻ കേന്ദ്രഗവണ്മെൻറിന് അധികാരമില്ല. ലോക്സഭയും രാജ്യസഭയും മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ പാസ്സാക്കുന്ന പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രപതിക്കു മാത്രമേ കംപ്ട്രോളർ ആഡിററർ ജനറലിനെ ജോലിയിൽനിന്നു പിരിച്ചുവിടാൻ കഴിയുകയുള്ളു.

പാർലമെൻറ് തനിയേ പിരിഞ്ഞുപോകാൻ അഞ്ചു മാസംകൂടി ഇരിക്കേ പ്രതിപക്ഷകക്ഷികളിലെ അംഗങ്ങൾ സ്ഥാനത്യാഗം ചെയ്തത് ബോഫോഴ്സ് കോഴയെ വരുന്ന തിരഞ്ഞെടുപ്പിലെ മുഖ്യപ്രശ്നമാക്കണമെന്ന ഉദ്ദേശ്യത്തോടെയാണെന്നു വ്യക്തം. പുതിയ പഞ്ചായത്ത്—നഗരസഭ—നിയമങ്ങൾ പാസാക്കി നടപ്പിലാക്കുന്നതുവഴി അധികാരം സാധാരണജനങ്ങളിലേക്ക് പകരുന്നതിന്റെ പേരിലായിരിക്കും കോൺഗ്രസ് പാർട്ടി അടുത്ത തെരഞ്ഞെടുപ്പിൽ ജനങ്ങളെ സമീപിക്കുക എന്നതും ഏറെക്കുറെ സ്പഷ്ടമായിട്ടുണ്ട്. ജനാധിപത്യപ്രക്രിയയെ സംബന്ധിച്ച് ജനങ്ങളെ ഉദ്ബുദ്ധരാക്കുന്നതിനു വിനിയോഗിക്കേണ്ട തിരഞ്ഞെടുപ്പ് പ്രചാരണസന്ദർഭങ്ങളെ മിഥ്യാപ്രശ്നങ്ങളെച്ചൊല്ലിയുള്ള വിതണ്ഡാവാദങ്ങൾക്കും ആപത്കരങ്ങളായ മാത്സര്യപ്രകടനങ്ങൾക്കുമായി ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള വിവേകം പാർട്ടി നേതാക്കൾക്ക് ഉണ്ടാകണമേ എന്ന് പ്രാർത്ഥിക്കുക മാത്രമേ നിഷ്പക്ഷമതികൾക്ക് ഇന്നത്തെ ചുററുപാടിൽ ചെയ്യാവുന്നതായുള്ളു.